പ്രസ് റിലേഷൻസ് വകുപ്പ്-കേന്ദ്രകാര്യാലയം
പോസ്റ്റ് ബോക്സ് നമ്പർ, 406, മുംബൈ - 400 001
ഫോൺ : 22660502; ഫാക്സ് : 22660358, 22703279

പ്രസ് റിലീസ്
ഭാരതീയ റിസർവ് ബാങ്ക്
http : //www.rbi.org.in
Email : helpprd@rbi.org.in

2004, ഫെബ്രുവരി 4

## ദേശവാസികളായ വ്യക്തികൾക്ക് 25,000 യു.എസ്. ഡോളറിന്റെ ഉദാരവൽകൃത റിമിറ്റൻസ് സ്കീം

ഉദാരവൽക്കരണം വിപുലമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ ഭാഗമായി ഒരു കലണ്ടർ വർഷം കറണ്ട് അക്കൗണ്ടിലോ കാപ്പിറ്റൽ അക്കൗണ്ടിലോ എന്ന വിവേചനമില്ലാതെ ഏതിലാണ് ഇടപാട് നടക്കുന്നതെന്നുവെച്ചാൽ അതിലേക്ക് ഏതെങ്കിലും ഉദ്ദേശ്യത്തിനായി RBI യുടെ ഏതെങ്കിലും സ്കീമിലായി 25,000 യു.എസ്. ഡോളർ വരെയുള്ള ഒരു തുക അടയ്ക്കാൻ ദേശവാസികളെ അനുവദിക്കുന്നതാണ്.

ഈ സ്കീമിന് കീഴിൽ എല്ലാ ദേശവാസികളും ഈ സൗകര്യത്തിന് യോഗ്യരാണ്. ഈ സൗകര്യത്തിൻ കീഴിൽ കലണ്ടർ വർഷം ഏതെങ്കിലും കറണ്ട്/കാപ്പിറ്റൽ അക്കൗണ്ടിലേക്കോ രണ്ടും ചേർന്ന ഇടപാടിലേക്കോ 25,000 യു.എസ്. ഡോളർ വരെ അടയ്ക്കാൻ ചെയ്യാൻ അനുമതിയുണ്ട്. ഈ സൗകര്യത്തിനുകീഴിൽ ആർ ബി ഐ യുടെ മുൻകൂർ അനുമതിയില്ലാതെ ദേശവാസികളായ വ്യക്തികൾക്ക് ഇന്ത്യയ്ക്ക് പുറത്ത് സ്ഥിരം ആസ്തികളോ ഓഹരികളോ മറ്റേതെങ്കിലും വസ്തുക്കളോ കൈവശം വയ്ക്കാനും സ്വന്തമാക്കാനും അവകാശമുണ്ടാകും. കൂടാതെ ആർ ബി ഐ യുടെ മുൻകൂർ അനുമതിയില്ലാതെ ഈ പദ്ധതിയിക്ക് കീഴിൽ പണമടയ്ക്കാൻ ഇന്ത്യയ്ക്ക് പുറത്തുള്ള ഏതെങ്കിലും ബാങ്കിൽ വിദേശവിനിമയ അക്കൗണ്ട് തുറക്കാനും നിലനിർത്താനും വ്യക്തികൾക്ക് അനുമതിയുണ്ട്.

ഈ പദ്ധതിയുമായി ബന്ധപ്പെട്ടിട്ടുള്ള എല്ലാ ഇടപാടുകൾക്കും പണമടവുകൾക്കും വിദേശവിനിമയ അക്കൗണ്ട് ഉപയോഗപ്പെടുത്താവുന്നതാണ്. നിലവിൽ സ്വകാര്യയാത്ര, ബിസിനസ് യാത്ര, പാരിതോഷികമായുള്ള പണമടവ്, സംഭാവന, പഠനം, ചികിത്സ എന്നിവയ്ക്കുള്ള സൗകര്യങ്ങൾക്ക് പുറമെയാണ് ഈ പദ്ധതിയ്ക്കു കീഴിലുള്ള സൗകര്യങ്ങൾ. എന്നാൽ ഈ പദ്ധതിയ്ക്ക് കീഴിലുള്ള പണമടവുകൾ എഫ് ഇ എം എ പ്രകാരം നിരോധിക്കപ്പെട്ടിട്ടുള്ള ഏതെങ്കിലും കറണ്ട് അക്കൗണ്ട് ഇടപാടിന്, ഉദാ: ലോട്ടറി, വാത്‌വെയ്പ് ഭാവിയിൽ പ്രസിദ്ധീകരിക്കാനുദ്ദേശിക്കുന്ന മാസിക കൾ എന്നിവയ്ക്കായി ഉപയോഗപ്പെടുത്താനാവില്ല. ഈ പദ്ധതിയ്ക്ക് കീഴിൽ നേരിട്ടോ

അല്ലാതെയോ ഭൂട്ടാൻ, നേപ്പാൾ, മൗറീഷ്യസ്, പാകിസ്ഥാൻ എന്നീ രാജ്യങ്ങളും ഫിനാൻഷ്യൽ ആക്ഷൻ ടാസ്ക്ഫോഴ്സ്, നിസ്സഹരണ രാജ്യങ്ങൾ എന്നു കണ്ടെത്തിയിട്ടുള്ള രാജ്യങ്ങളിലേക്കും റിസർവ് ബാങ്ക് ഗൗരവമായി ശങ്കിക്കപ്പെടേണ്ടവരെന്ന് കണ്ടെത്തിയിട്ടുള്ള വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും നേരിട്ടോ അല്ലാതെയോ പണമടയ്ക്കാനാവില്ല.

അപേക്ഷകർ തങ്ങളുടെ PAN നമ്പർ പ്രസിദ്ധീകരിക്കുകയും അംഗീകൃത ഡീലർ ബാങ്ക് മുമ്പാകെ വ്യക്തമാക്കുകയും വേണം. ഈ സൗകര്യം അനുവദിയ്ക്കുമ്പോൾ ആന്റി മണി ലോണ്ടറിങ്ങ് (Anti Money Laundering) നിയമങ്ങളും നിങ്ങളുടെ ഉപഭോക്താവിനെ അറിയുക. നിയമങ്ങൾ എന്നിവ അനുപാലിക്കാൻ അംഗീകൃത ഡീലർമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

പദ്ധതി ഉടനെ പ്രാവർത്തികമാക്കുന്നതാണ്.

അജിത് പ്രസാദ്<br>മാനേജർ

പ്രസ് റിലീസ് 2003-2004/942